നം:എ1–9611/17

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം
കൊല്ലം, തീയതി:19.01.2018
ddpklm@gmail.com, Phone:0474 2794961

# ലേലപരസ്യം

കൊല്ലം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയത്തിന്റെ നവീകരണത്തിന്റെ ഭാഗമായി നിലവിൽ ഉപയോഗിച്ചുവരുന്നതും എന്നാൽ പുതിയ ആഫീസിൽ ഉപയോഗത്തിന് അധികമാണെന്ന് കണ്ടെത്തിയതുമായ താഴെ വിശദീകരിച്ചിരിക്കുന്ന ഫർണിച്ചറുകൾ 31.01.2018–ൽ 2 പി.എം–ന് പരസ്യമായി ലേലം നടത്തുന്നതാണ്. ലേലദിവസം രാവിലെ 12.30 പി.എം വരെ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ആഫിസിൽ നിരതദ്രവ്യം ഒടുക്കുവരുത്താവുന്നതാണ്. ലേലത്തിനുള്ള ഫർണിച്ചറുകൾ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ അനുവാദത്തിന് വിധേയമായി പരിശോധിക്കാവുന്നതാണ്.

നിരതദ്രവ്യം : 2,500/– രൂപ

**ലേലം ചെയ്യുന്ന ഫർണിച്ചറുകളുടെ വിശദാംശങ്ങൾ**

| | | |
|---|---|---|
| 1 | മേശ (തടി) സാധാരണ | 25 എണ്ണം |
| 2 | മേശ (തടി) ചെറുത് | 2 എണ്ണം |
| 3 | അലമാര (തടി) വലുത് | 1 എണ്ണം |
| 4 | അലമാര (സ്റ്റീൽ) | 14 എണ്ണം |
| 5 | അലമാര (തടി) ചെറുത് | 10 എണ്ണം |
| 6 | കമ്പ്യൂട്ടർ ടേബിൾ | 4 എണ്ണം |
| 7 | തടി റാക്ക് | 1 എണ്ണം |
| 8 | ഡെസ്ക് | 1 എണ്ണം |
| 9 | തപാൽ റാക്ക് | 1 എണ്ണം |
| 10 | സ്റ്റീൽ റാക്ക് (ടിൻ ഷീറ്റ്) | 10 എണ്ണം |
| 11 | മേശ (സ്റ്റീൽ) | 1 എണ്ണം |

## ലേലനിബന്ധനകൾ

1. ലേലത്തിൽ ഏറ്റവും കൂടിയ തുക വിളിച്ച ആളുടെ പേരിൽ താൽക്കാലികമായി ലേലം ഉറപ്പിക്കുന്നതും ലേലം വിളികേട്ട കക്ഷി അന്നേദിവസം തന്നെ ലേലതുകയും നിയമാനുസൃത ജി.എസ്.റ്റി.യും ആഫീസിൽ അടവുവരുത്തേണ്ടതാണ്.
2. ലേലം അംഗീകരിച്ച അറിയിപ്പ് ലഭിച്ച് 7 ദിവസത്തിനകം ലേലവസ്തു കൈക്കൊണ്ട ആൾ സ്വന്തം ചെലവിൽ ആഫിസ് കെട്ടിടത്തിൽ നിന്ന് മാറ്റേണ്ടതാണ്.

3. ലേലം മാറ്റിവയ്ക്കുന്നതിനോ നിർത്തിവയ്ക്കുന്നതിനോ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്.
4. ഏതെങ്കിലും കാരണവശാൽ ലേലദിവസം പൊതു അവധി ദിവസമായാൽ തൊട്ടടുത്ത പ്രവൃത്തി ദിവസം മേൽ നിബന്ധനകളോടെ ഇതേ സമയത്ത് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറാഫീസിൽ വച്ച് ലേലം നടത്തുന്നതാണ്.
5. ലേലത്തിൽ പങ്കെടുക്കുന്നവർ അവരുടെ തിരിച്ചറിയൽ രേഖകളുടെ പകർപ്പും അസ്സലും ഹാജരാക്കേണ്ടതാണ്.
6. ലേലവസ്തുവിന് നൽകാനുദ്ദേശിക്കുന്ന തുക ക്വാട്ട് ചെയ്ത് മുദ്ര വച്ച കവറിലും ലേല ദിവസം 2 പി.എം–ന് മുമ്പായി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് ക്വട്ടേഷൻ സമർപ്പിക്കാവുന്നതാണ്. ക്വട്ടേഷനൊപ്പം നിരതദ്രവ്യം ഒടുക്കിയ രസീതും, തിരിച്ചറിയൽ രേഖയും ഹാജരാക്കേണ്ടതാണ്.
7. ഏറ്റവും കൂടുതൽ ലേലം വിളിക്കുന്ന ഒന്നും രണ്ടും പേരുകാരുടെ നിരതദ്രവ്യം ഒഴിച്ച് ബാക്കിയുള്ളവരുടെ നിരതദ്രവ്യം ലേലം കഴിഞ്ഞാലുടൻ തിരികെ നൽകുന്നതുമാണ്. ഏറ്റവും ഉയർന്ന തുക വിളിച്ച വ്യക്തി യഥാസമയം ലേലസംഖ്യ ഒടുക്കിയില്ലെങ്കിൽ നിരതദ്രവ്യം സർക്കാർ ഫണ്ടിൽ മുതൽ കൂട്ടുന്നതും രണ്ടാമത്തെ വ്യക്തിക്ക് ലേലാവകാശം നൽകുന്നതുമായിരിക്കും
8. ലേലം വിളിച്ച ശേഷം ക്വട്ടേഷൻ ഉണ്ടെങ്കിൽ ആയത് കൂടി പരിശോധിച്ച ശേഷം ലേലം/ക്വട്ടേഷൻ സ്ഥിരപ്പെടുത്തുന്നതാണ്.

(ഒപ്പ്)
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ
കൊല്ലം